# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2298- 12/6/2018-ലെ മറുപടിക്ക്

## റവന്യൂ ചെലവിൽ ധനകാര്യ കമ്മീഷന് ആശങ്ക

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.പി ടി തോമസ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ എം.വിൻസെന്റ്<br>ശ്രീ.സണ്ണി ജോസഫ് | ഡോ. ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| | ചോദ്യം | ഉത്തരം |
| എ | കേരളത്തിന്റെ വർദ്ധിച്ച് വരുന്ന പലിശ ബാധ്യത , ശമ്പളം, പെൻഷൻ എന്നിവയ്ക്ക് റവന്യൂ വരവിന്റെ പ്രധാനഭാഗം ചെലവഴിക്കുന്നതിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ; | ഇത് സംബന്ധിച്ച് ഔദ്യോഗിക വിശദീകരണമൊന്നും ആവശ്യപ്പെട്ടിട്ടില്ല. |
| ബി | മേൽ പറഞ്ഞ കാര്യങ്ങൾക്കായി സംസ്ഥാന റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വീതമാണ് നിലവിൽ ചെലവഴിക്കുന്നത്; | 2017-18 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ റവന്യൂ വരുമാനത്തിന്റെ 35.61 ശതമാനം ശമ്പളത്തിനായും 19.33 ശതമാനം പെൻഷനായും 15.32 ശതമാനം പലിശബാധ്യതാ ഇനത്തിലും ചെലവഴിക്കുന്നു. |
| സി | ഇതുമൂലം റവന്യൂ കമ്മിയിലുണ്ടാകുന്ന വർദ്ധന എത്ര ശതമാനമാണ്; റവന്യൂ കമ്മി 3 ശതമാനമായി നിലനിർത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2015-16 സാമ്പത്തികവർഷത്തിൽ പലിശ ബാധ്യത , ശമ്പളം, പെൻഷൻ എന്നിവ ആകെ റവന്യൂ വരുമാനത്തിന്റെ 69.10 ശതമാനം ആണ്. 2016-17 -ൽ ഇത് 73.32 ശതമാനമായി വർദ്ധിക്കുകയുണ്ടായി. എന്നാൽ 2017-18 -ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇത് 70.27 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഈ കുറവ് റവന്യൂകമ്മിയിലും പ്രതിഫലിച്ചിട്ടുണ്ട് (2016-17 -ലെ റവന്യൂ കമ്മി 15485 കോടി രൂപയായിരുന്നു. ഇത് 2017-18 ലെ പുതുക്കിയ എസ്റ്റ്മേറ്റ് പ്രകാരം 13080 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.)<br><br>2018-19 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരവ് വർദ്ധിപ്പിച്ചും റവന്യൂ ചെലവുകൾ വെട്ടിചുരുക്കിയും റവന്യൂ കമ്മി GSDP യുടെ 1.66 ശതമാനമായും ധനകമ്മി GSDP യുടെ |

| | | |
|---|---|---|
| | | 3.10 ശതമാനമായും നിലനിർത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നു. |
| ഡി | കെ എസ് ഇ ബി , കെ എസ് ആർ റ്റി സി എന്നീ സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് സർക്കാരിന് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | കെ എസ് ആർ റ്റി സിക്ക് സർക്കാർ നൽകുന്ന സഹായം സർക്കാർ ട്രഷറിയിന്മേൽ സമ്മർദ്ദമുണ്ടാക്കുന്നുണ്ട്. എന്നാൽ കെ എസ് ആർ റ്റി സിയെ പുന:സംഘടിപ്പിച്ച് സ്വയം സജ്ജമാക്കുന്നതിന് വേണ്ട സഹായം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിനാൽ പ്രഖ്യാപിതമായ സഹായം തടസ്സമില്ലാതെ നൽകുന്നതാണ്. |
| ഇ | വികസിത രാജ്യങ്ങൾക്ക് സമാനമായ മാനവവികസന ശേഷിയും വിനോദ സഞ്ചാരസാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനവരുമാനം വർദ്ധിപ്പിക്കണമെന്ന ധനകാര്യ കമ്മീഷന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുമോ ; | വികസിത രാജ്യങ്ങൾക്ക് സമാനമായ മാനവവികസന ശേഷിയും വിനോദ സഞ്ചാര സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സംസ്ഥാനസർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**